"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2019 മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം ചെയ്ത വകയിൽ നൽകുവാനുള്ള അധിക തുക തനത് പ്ലാൻ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1267/2026/LSGD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-
1. 02.03.2019 ലെ സ.ഉ (സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്.
2. ശ്രീ. സന്തോഷ്. കെ സമർപ്പിച്ച 09.03.2022 തീയ്യതിയിലെ നിവദനം
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.07.2023 ലെ LSGD/PD/46748/2023-DPLC4, 05.03.2026 ലെ LSGD/PD/67007/2023-DPLC2 നമ്പർ കത്തുകൾ

**ഉത്തരവ്**

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം 2019 മാർച്ച് 31 വരെ 5.50 ലക്ഷം രൂപയും 01.04.2019 മുതൽ 31.05.2019 വരെ 11 ലക്ഷം രൂപയുമാണ് ഗ്രാമപഞ്ചായത്തുകൾക്ക് ചെലവഴിക്കാവുന്നതെന്ന് വ്യവസ്ഥ ചെയ്തിരുന്നു.

2) കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് 2019 മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ കുടിവെള്ള വിതരണം ചെയ്ത വകയിൽ ടി സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ തുകയായ 1,39,048/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊമ്പതിന്നായിരത്തി നാൽപത്തിയെട്ട് രൂപ മാത്രം) കുടിവെള്ളം വിതരണം ചെയ്ത വകയിൽ തനിക്ക് ലഭിച്ചില്ലെന്നും

ആയത് അനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ശ്രീ. സന്തോഷ്. കെ പരാമർശം (2) പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ കീഴല്ലൂർ ഗ്രാമപഞ്ചായത്തിൽ 2019 മാർച്ച് മുതൽ 2019 ജൂൺ 15 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചെലവഴിച്ച ***1,39,048/- രൂപ (ഒരു ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരത്തി നാൽപത്തിയെട്ട് രൂപ മാത്രം),*** ചെലവ് ആധികാരികത കീഴല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് കീഴല്ലൂർ ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മധുസൂദനൻ വി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

സെക്രട്ടറി, കീഴല്ലൂർ ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

അക്കൗണ്ട് ജനറൽ (ആഡിറ്റ് 1/ആഡിറ്റ് 2) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവരപൊതുജന സമ്പർക്ക വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

കരുതൽ ഫയൽ (DC2/129/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 08-07-2026 13:33:11

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്